## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2311 — 08.12.2015 ൽ മറുപടിയ്ക്ക്

### ഉത്തേജന പലിശയിളവ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ. വാഹീദ്<br>ശ്രീ. എം.പി.വിൻസെൻറ്<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. ബെന്നി ബെഹനാൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ ഉത്തേജന പലിശയിളവ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ ഉത്തേജന പലിശയിളവ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സഹകരണ മേഖലയിൽ, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കി വരുന്നു.<br>സംഘത്തിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകർക്ക് മാത്രമേ ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളൂ. പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കിസാൻ ക്രെഡിറ്റ് കാർഡ്/കാർഷിക ആവശ്യത്തിന് നൽകുന്ന ക്യാഷ് ക്രെഡിറ്റ് എന്നീ വായ്പകൾക്ക് ഈ |

| | |
|---|---|
| | പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്. മേൽ വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് മാത്രമേ പലിശ സബ്സിഡി/ഇളവിന് അർഹതയുള്ളൂ. |
| (സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശ സബ്സിഡി തുകകൾ അനുവദിച്ച് കൊടുക്കുന്നതിന്, സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയും ജില്ലാ സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന പരസ്യ പ്രചാരണം നൽകിയിട്ടുണ്ട്.<br>ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരിൽ നിന്നും അപേക്ഷകൾ ലഭ്യമാക്കി സർക്കാർ ധനസഹായം ലഭിക്കുന്നതിനു വിധേയമായി 4.85 കോടി രൂപ ഇതിനോടകം സംഘങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. തൻവർഷം വകയിരുത്തിയിട്ടുള്ള തുക പിൻവലിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ